**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4062** **28-06-2024 - ൽ മറുപടിയ്ക്ക്**

**അവയവദാന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര അവയവദാന ചട്ടപ്രകാരം നിലവിലുള്ള അവയവദാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട്, 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആന്റ് ടിഷ്യൂസ് റൂൾസ്, 2014, 19.11.2010 ലെ 14931/ എസ്2/2009/ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനം നടന്നുവരുന്നത്. രണ്ട് രീതിയിലാണ് അവയവദാനം നടക്കുന്നത്; മരണാനന്തര അവയവദാനവും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനവും. മരണാനന്തര അവയവദാനത്തിൽ മസ്തിഷ്കമരണം സംഭവിച്ച ഒരു രോഗിയുടെ അവയവങ്ങൾ അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തു നൽകിയ അവയവദാന സമ്മതപത്രത്തിന്റെയോ, മസ്തിഷ്ക മരണാന്തരം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടെയോ ദാനം ചെയ്യാവുന്നതാണ്.**<br><br>**ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിൽ ബന്ധുക്കൾ തമ്മിലുള്ള അവയവദാനവും ബന്ധുവേതര അവയവദാനവും ഉൾപ്പെടുന്നു. ബന്ധുക്കൾ തമ്മിലുള്ള അവയവദാനത്തിൽ അടുത്ത ബന്ധുക്കൾക്ക് (അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, മക്കൾ, മുത്തച്ഛൻ,മുത്തശ്ശി, പേരക്കുട്ടികൾ, ഭാര്യ, ഭർത്താവ്) അവയവം നൽകാവുന്നതാണ്. അവയവങ്ങൾ നൽകാൻ ആവശ്യമായ ആരോഗ്യ സ്ഥിതിയും രോഗിയുടെ രക്ത ഗ്രൂപ്പുമായി ചേർച്ചയും ഉണ്ടെങ്കിൽ ട്രാൻസ്പ്ലാന്റ് ഹോസ്പിറ്റലിൽ തന്നെയുള്ള കോംപീറ്റന്റ് അതോറിറ്റിയാണ് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നത്.**<br><br>**ബന്ധുവേതര അവയവദാനത്തിൽ പരോപകാരതല്പരരും നിസ്വാർത്ഥരുമായ വ്യക്തികളിൽ നിന്ന് അവയവം സ്വീകരിക്കാവുന്നതാണ്. ഇതിന് ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരം** |

| | | | |
|---|---|---|---|
| | | | **ആവശ്യമാണ്. അവയവദാനത്തിന് പിന്നിൽ പണമിടപാടുകൾ ഒന്നുംതന്നെ ഇല്ലെന്നും, ഇടനിലക്കാരോ മറ്റു ലാഭേച്ഛയോ ഇല്ലെന്നും പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ കമ്മിറ്റി അനുമതി നൽകുകയുള്ളൂ.** |
| (ബി) | അവയവം ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത വ്യവസ്ഥകളനുസരിച്ച് നിലവിലുള്ളത്; | (ബി) | **ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട്, 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആന്റ് ടിഷ്യൂസ് റൂൾസ്, 2014, 19.11.2010 ലെ 14931/ എസ്2/2009/ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനം നടന്നു വരുന്നത്. ഇതിനു പുറമെ ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>• **മസ്തിഷ്ക മരണം നിർബന്ധമായും സ്ഥിരീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 04.02.2012 ലെ സ.ഉ (കൈ) നം. 36/2012/ആ.കു.വ**<br>• **മസ്തിഷ്ക മരണം സംഭവിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള മെഡിക്കൽ ബോർഡിൽ രോഗി ചികിത്സ തേടുന്ന ആശുപത്രിയുടെ പുറത്തു നിന്നുള്ള ഡോക്ടർ വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയ 18.09.2012 ലെ സ.ഉ(കൈ)നം. 304/ 2012/ ആ.കു.വ**<br>• **മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ സംഘത്തിൽ ഒരാൾ സർക്കാർ സർവീസിലുള്ള എംപാനൽ ചെയ്യപ്പെട്ട ഡോക്ടർ ആകണമെന്നും, വീഡിയോഗ്രാഫി വേണമെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തിയ 01.02.2017 ലെ സ.ഉ (കൈ) നം. 16/2017/ആ.കു.വ**<br>• **അൾട്രൂയിസ്റ്റിക്/സ്വാപ്പ് ഡൊണേഷനുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 15.02.2018 ലെ സ.ഉ (കൈ) നം. 26/2018/ആ.കു.വ**<br>• **മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായുള്ള സ്റ്റാൻഡാർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ നിർദ്ദേശിച്ചുകൊണ്ടുള്ള 03.04.2018 ലെ സ.ഉ (കൈ) നം. 53/2018/ആ.കു.വ**<br>• **മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയ 19.01.2020 ലെ സ.ഉ (കൈ) നം. 7/2020/ ആ.കു.വ.** |

| | | | |
|---|---|---|---|
| (സി) | സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | **ട്രാൻസ്പ്ലാന്റ് സെന്ററുകൾക്ക് ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും ചട്ടവിരുദ്ധമായ നടപടികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അന്വേഷണം നടത്തി ആവശ്യമെങ്കിൽ ലൈസൻസ് റദ്ദാക്കുന്നതിനും ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട്, 1994 ന് കീഴിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ അപ്രോപ്രിയേറ്റ് അതോറിറ്റിയായി നിയമിച്ചിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ, ഇടനിലക്കാർ ഇല്ലെന്നും അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്നും ഉറപ്പ് വരുത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ജില്ലാതല ആതറൈസേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ചികിത്സയുമായി ബന്ധപ്പെട്ടുള്ള മനുഷ്യ അവയവങ്ങളുടെയും ടിഷ്യുകളുടെയും നീക്കം ചെയ്യൽ, സംഭരണം, മാറ്റിവെയ്ക്കൽ, എന്നിവ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുണ്ട്. കെ-സോട്ടോയുടെ ഓഫീസാണ് അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസായി പ്രവർത്തിക്കുന്നത്** |
| (ഡി) | അവയവദാനവുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്നും ചട്ടം പരിഷ്കരിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും നിയമ നടപടി സ്വീകരിക്കാൻ കഴിയുമോയെന്നും വിശദമാക്കാമോ? | (ഡി) | **ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ